കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകൾക്ക് ഖരമാലിന്യസംസ്കരണത്തിനായി സ്ഥാപിക്കുന്ന സമഗ്ര പ്ലാന്റുകൾക്കുള്ള സർക്കാർ സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 678/2012/തസ്വഭവ    തീയതി, തിരുവനന്തപുരം 5.3.2012

---

പരാമർശം: 1) സ.ഉ.(എം.എസ്) നം. 73/11/തസ്വഭവ തീയതി 1.3.2011.
2) സ.ഉ.(എം.എസ്) നം. 240/11/തസ്വഭവ തീയതി 30.9.2011.
3) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/2/2012ലെ 2404/സി1/2009/എസ്.എം നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(2)ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ പദ്ധതി രൂപം നൽകി നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് സമ്പൂർണ്ണശുചിത്വ യജ്ഞം(TSC)ത്തിൽ നിന്നുള്ള തുക ഉപയോഗിച്ച് സാമ്പത്തിക സഹായം നൽകാൻ ഉത്തരവായിരുന്നു. നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഖരമാലിന്യസംസ്കരണ പദ്ധതി രൂപം നൽകി നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് പ്രോജക്ട് തുകയുടെ 60 ശതമാനമോ പരമാവധി 7.5 ലക്ഷമോ ഏതാണു കുറവ് അതാണ് സർക്കാർ സാമ്പത്തിക സഹായമായി നൽകി വരുന്നത്. ആയത് പദ്ധതി നടപ്പിലാക്കാൻ അപര്യാപ്തമായതിനാൽ ടി പദ്ധതികൾക്ക് പ്രോജക്ട് തുകയ്ക്ക് ആനുപാതികമായ സാമ്പത്തികസഹായം നൽകേണ്ടതാണെന്നും, പ്രോജക്ട് തുകയുടെ 75 ശതമാനമോ പരമാവധി 35 ലക്ഷം രൂപയോ ഏതാണു കുറവ് അത് സർക്കാർ ധനസഹായമായി അനുവദിച്ച് നൽകാൻ ഉത്തരവ് നൽകണമെന്ന് പരാമർശം 3 പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന സമഗ്രഖരമാലിന്യ സംസ്കരണ പ്രോജക്ട് തുകയുടെ 75 ശതമാനമോ പരമാവധി 35 ലക്ഷം രൂപയോ ഏതാണു കുറവ് അത് സർക്കാർ ധനസഹായമായി ശുചിത്വമിഷൻ മുഖേന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
രാജേഷ് കുമാർ സിംഗ്,
സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), Kerala,Thiruvananthapuram.
അക്കൗണ്ടന്റ് ജനറൽ(A&E)/(LBA&A), Kerala,Thiruvananthapuram.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(ഒപ്പ്)
സെക്ഷൻ ഓഫീസർ